**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിനായി ഏറ്റെടുത്ത ഭൂമിയുടെ 22 എൽ.എ.ആർ കേസുകളിൽ സ്ഥലമുടമകൾക്ക് നൽകുന്നതിന് തുക നിക്ഷേപിക്കുന്നതിനായി 17,72,57,000 ( പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തി ഏഴായിരം) രൂപ കൊച്ചി നഗരസഭയ്ക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.85/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 30/03/2021

---

പരാമർശം :-1) 23/04/2020 ലെ സ.ഉ.(സാധാ)നം.773/2020/ത.സ്വ.ഭ.വ

2) 12/06/2020 ലെ സ.ഉ.(സാധാ)നം.3566/2020/ധനം

3) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 19/02/2021 ലെ ISO/MOPO2/24139/2008/VOL11 നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിനായി ഏറ്റെടുത്ത ഭൂമിയുടെ 22 എൽ.എ.ആർ കേസുകളിൽ സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക നിക്ഷേപിക്കുന്നതിനായി 17,72,56,100/- (പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തി ആറായിരത്തി ഒരുന്നൂറ്) രൂപ കൊച്ചി നഗരസഭയ്ക്ക് അനുവദിക്കുന്നതിന് നിയമാനുസൃതമായ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനനുസൃതമായി പരാമർശം (2) പ്രകാരം 17,72,57,000/- രൂപ അനുവദിച്ചുകൊണ്ട് ഉത്തരവായി. ഇപ്രകാരം അനുവദിച്ച തുക റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് അപേക്ഷിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി ബ്രഹ്മപുരം ഖരമാലിന്യ പ്ലാന്റിനായി ഏറ്റെടുത്ത ഭൂമിയുടെ 22 എൽ.എ.ആർ. കേസുകളിൽ സ്ഥലമുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് തുക നിക്ഷേപിക്കുന്നതിനായി പരാമർശം (2) പ്രകാരം " MH 6217 Loans for Urban Development : SH 99 Loans to Kerala Urban Development Corporation (Plan Voted) എന്ന ശീർഷകത്തിൽ അനുവദിച്ച 17,72,57,000/- (പതിനേഴ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അമ്പത്തി ഏഴായിരം) രൂപ കൊച്ചി നഗരസഭയ്ക്ക് റിലീസ് ചെയ്ത് നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 3-ൽ പരാമർശിക്കും പ്രകാരമുള്ള നടപടികൾ നഗരകാര്യ ഡയറക്ടർ യഥാസമയം സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ
ജില്ലാ കളക്ടർ, എറണാകുളം,
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (11/2/2020 -ലെ DEV-2/167/2016/Fin പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/51/2020/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu T

സെക്ഷൻ ഓഫീസർ